മുഖ്യമന്ത്രിയുടെ പ്രമേയം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സഭ അനിശ്ചിത കാലത്തേക്ക് പിരിയാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ ശേഷിക്കുന്ന സഭാ നടപടികൾ ബഹിഷ്ക്കരിച്ചു)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ, 12-ാം കേരള നിയമസഭയുടെ അവസാനത്തെ സമ്മേളനം (17-ാം സമ്മേളനം) പൂർത്തീകരിച്ച് സഭ പിരിയുന്നു. ഈ സെഷൻ ഫെബ്രുവരി 4-ന് ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ആരംഭിച്ചത്. 13 ദിവസം നീണ്ടുനിന്ന സമ്മേളനത്തിൽ 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു. 2011 ഏപ്രിൽ മുതൽ 4 മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട്, 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥന, വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ധനവിനിയോഗ ബിൽ, 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ എന്നിവ ചർച്ച ചെയ്ത് പാസ്സാക്കുകയുണ്ടായി. 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ, 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ എന്നിവ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. 2006 മേയ് 18-ന് നിലവിൽ വന്ന 12-ാം കേരള നിയമസഭ 17 സമ്മേളനങ്ങളാണ് ചേർന്നത്. 17 സമ്മേളനങ്ങളിലായി 253 ദിവസം സഭ സമ്മേളിച്ചു. 5 വർഷത്തിനിടെ 6 പ്രാവശ്യം ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനും 6 ബഡ്ജറ്റ് പ്രസംഗത്തിനും സഭ സാക്ഷ്യം വഹിച്ചു. ഈ സഭയുടെ കാലയളവിനുള്ളിൽ വലുതും ചെറുതുമായ 139 ബില്ലുകൾ പാസ്സാക്കുകയുണ്ടായി. അതിൽ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന ഒട്ടേറെ നിയമനിർമ്മാണത്തിന് ഭരണ-പ്രതിപക്ഷ ഐക്യത്തിനും സഭ സാക്ഷ്യം വഹിച്ചു. നിയമ നിർമ്മാണത്തിനു മാത്രമായി കഴിഞ്ഞ 5 വർഷവും പ്രത്യേകമായി സഭ വിളിച്ചുചേർക്കാൻ കഴിഞ്ഞത് 12-ാം നിയമസഭയുടെ പ്രത്യേകതയാണ്. പാർലമെന്റിലേയും സംസ്ഥാന നിയമസഭകളിലേയും എസ്.സി/എസ്.ടി. സംവരണം ദീർഘിപ്പിക്കുന്നതിനുള്ള ഭരണഘടനാ ഭേദഗതിയെ അംഗീകരിച്ചുകൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയം പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് പാസ്സാക്കുകയുണ്ടായി. ശൂന്യവേളയിലെ അടിയന്തര പ്രമേയങ്ങളുടെ അവതരണ സമയത്താണ് സഭ പ്രക്ഷുബ്ധമാകുന്നത്. 1957 മുതൽ 2006 വരെ സഭയിൽ ആകെ 14 അടിയന്തിര പ്രമേയങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളത്. എന്നാൽ ഈ സഭയുടെ കാലയളവിൽ 5 അടിയന്തര പ്രമേയങ്ങൾ സഭയിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. പന്ത്രണ്ടാം കേരള നിയമ സഭയിൽ റൂൾ 130 അനുസരിച്ചുള്ള 5 പ്രമേയങ്ങളിൽ ചർച്ചയും റൂൾ 300 അനുസരിച്ചുള്ള 30 പ്രസ്താവനകളും നടത്തുകയുണ്ടായി. സഭയിൽ ഇതുവരെ 424 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും 3547 സബ്മിഷനുകളും അവതരിപ്പിക്കപ്പെട്ടു. നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ കാലാനുസൃതവും സമഗ്രവുമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : കഴിഞ്ഞ നിയമസഭാ സമ്മേളനം വിജയകരമായി നടത്തുന്നതിന് സഭയേയും ജനങ്ങളേയും സഹായിച്ചതിൽ ഞങ്ങൾക്കേറെ സന്തോഷവും അഭിമാനവുമുണ്ട്. ഏറ്റവും നല്ല ബഡ്ജറ്റ് പാസ്സാക്കി കേരളത്തിലെ 70 ലക്ഷം ജനങ്ങൾക്കും രണ്ട് രൂപയ്ക്ക് അരി നൽകുന്നതിനുള്ള തീരുമാനമെടുക്കാനും അതുപോലെ തന്നെ പ്ലാച്ചിമടയിലെ ദുരിതബാധിതർക്ക് സഹായം നൽകാനുള്ള നിയമനിർമ്മാണത്തിനും അങ്ങ് വിജയകരമായ നിലയിൽ പങ്ക് വഹിക്കുകയും സഹായം നൽകുകയും ചെയ്തു. അതുപോലെതന്നെ സംസ്ഥാനത്ത് പിറവിയെടുക്കുന്ന കുഞ്ഞുങ്ങൾക്ക് 10,000 രൂപ ഉടനെതന്നെ നൽകുകയും ചെയ്യും. കേരളത്തിൽ പ്രൈമറി സ്കൂൾ മുതലുള്ള വിദ്യാഭ്യാസം നിർബന്ധിതവും സാർവ്വത്രികവും സൗജന്യവുമായി അനുവദിച്ചിരിക്കുന്നതുകൊണ്ട് അവർ എല്ലാ നിലയിലും വിദ്യാഭ്യാസം നേടി അഭിമാനകരമായ ഒരു ജോലിയിലേക്ക് എത്തുന്നതിന് സഹായകരമായ തരത്തിലുള്ള ബഡ്ജറ്റാണ് ഈ സർക്കാർ ഇതിനകം പാസ്സാക്കിയിട്ടുള്ളത്. അതുപോലെ അഴിമതിക്കാരെ പുറത്തുകൊണ്ടുവരുന്നതിനും നിലയ്ക്ക് നിറുത്തുന്നതിനും വേണ്ടിയുള്ള ശ്രമത്തിന്റെ ഫലമായി ബാലകൃഷ്ണപിള്ള എന്ന അഴിമതി വീരനെ കൽത്തുറുങ്കിൽ അടയ്ക്കുന്നതിന് ശക്തമായ നിലയിൽ പ്രവർത്തിക്കാൻ കഴിഞ്ഞു. അതുപോലെ പ്രതിപക്ഷം ഇപ്പോൾ മൂടുതാങ്ങിക്കൊണ്ടിരിക്കുന്ന കുഞ്ഞാലിക്കുട്ടിയെ സംബന്ധിച്ച് അയാളുടെ ബന്ധുതന്നെ തുറന്നുകാട്ടിയ കാര്യങ്ങളുടേയും അവർ തന്ന രേഖകളുടേയും അടിസ്ഥാനത്തിൽ ഇപ്പോൾ അന്വേഷണം നടക്കുകയാണ്.

ഒരു സെറ്റ് ആളുകൾ ശ്രീ. ബാലകൃഷ്ണപിള്ളയുടെ പുറകെ പൂജപ്പുര സെൻട്രൽ ജയിലിലേക്ക് എത്താൻ ഇടയുണ്ട് എന്ന ഭയം ഈ കൂട്ടരെ ബേജാർ ആക്കിയിരിക്കുകയാണ്. അതുമാത്രമല്ല കരുണാകരൻ നമ്മിൽ നിന്ന് വിട്ടുപിരിഞ്ഞുവെങ്കിലും കരുണാകരന്റെ സ്ഥാനത്ത് പ്രമാണിമാരായിട്ടുള്ള ചില ആളുകൾ പാമോയിൽ കേസ്സിൽ പ്രതിയാകാൻ ഇടയുണ്ട് എന്ന് ഭയന്നു അവർ കാട്ടിക്കൂട്ടുന്ന വൃത്തികേടുകൾക്ക് കണക്കില്ല. ഈ നിലയിൽ വരുന്ന തെരഞ്ഞെടുപ്പിൽ എന്ത് വേഷവും കെട്ടി അസംബ്ലിയിലേക്ക് കടന്നു കൂടാമെന്നാണ് അവർ ആഗ്രഹിക്കുന്നത്. അവരുടെ ആ ചീത്തയായ, മോശമായ ചിന്താഗതിക്ക് കേരളത്തിലെ ജനങ്ങൾ വഴങ്ങുകയില്ലെന്നും ഇവരെ ഇരുത്തേണ്ടിടത്ത് ഇരുത്തുന്നതിനും നിറുത്തേണ്ടിടത്ത് നിർത്തുന്നതിനും രാഷ്ട്രീയ പ്രബുദ്ധരായ ജനങ്ങൾ മുന്നിട്ടിറങ്ങുമെന്നുള്ള പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. ആ നിലയിൽ കേരളത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിനുവേണ്ടി സഹായിച്ച ഗവൺമെന്റിനുവേണ്ടി കഴിഞ്ഞ അഞ്ച് വർഷവും വളരെ സ്തുത്യർഹമായ നിലയിൽ നിയമസഭയെ നയിച്ച അങ്ങേക്ക് എല്ലാവിധത്തിലുള്ള നന്ദിയും രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

10 AM]

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... എല്ലാവർക്കും ഒരിക്കൽ കൂടി എല്ലാവിധത്തിലുള്ള നന്മയും നേർന്നുകൊണ്ട് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞതായിട്ട് അറിയിച്ചുകൊണ്ട് നിർത്തുന്നു.

(സഭ രാവിലെ 10.05-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly